**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5991** **25-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളെ വിവിധ കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് കാറ്റഗറി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ കാറ്റഗറിയിലും ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഓരോ കാറ്റഗറിയിലേയും സ്റ്റാഫ് പാറ്റേൺ എത്രയാണ്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് ക്ലാസ്സിഫിക്കേഷൻ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കാറ്റഗറി നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഡയറക്ടർ ബോർഡിന് നേരിട്ട് നിയമനം നടത്താവുന്ന തസ്തികകൾ ഏതൊക്കെയാണ്; സഹകരണ റിക്രൂട്ട്മെന്റ് ബോർഡിന് നിയമിക്കാവുന്ന തസ്തികകൾ ഏതൊക്കെയാണ്; ഇവ ഓരോ ഇനത്തിലും നടത്താവുന്ന നിയമനങ്ങളുടെ അനുപാതം വിശദമാക്കാമോ? | (ബി) | സഹകരണ നിയമം വകുപ്പ് 80(ബി) പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ സ്ഥാപനങ്ങളിലെ സബ് സ്റ്റാഫ് വിഭാഗങ്ങളിലെ ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനായി പരീക്ഷ നടത്തുന്നതിന് പ്രാഗത്ഭ്യം നേടിയ ആധികാരികതയുള്ള ഔട്ട്സൈഡ് ഏജൻസികൾ നടത്തുന്ന എഴുത്ത് പരീക്ഷയുടെ അടിസ്ഥാനത്തിൽ ഭരണ സമിതി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെയും ജൂനിയർ ക്ലർക്ക് മുതൽ മുകളിലോട്ടുള്ള തസ്തികകളിലെ നിയമനങ്ങൾക്കായി സഹകരണ പരീക്ഷാ ബോർഡ് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെയും, അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്.<br><br>സഹകരണ നിയമം ചട്ടം 185(2)(iv) (2) പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിൽ അസിസ്റ്റന്റ് സെക്രട്ടറി/മാനേജർ തസ്തികയിലേക്ക് 20 കോടി വരെ നിക്ഷേപമുള്ള സംഘങ്ങളിൽ ഉദ്യോഗക്കയറ്റം മുഖേനയും, നേരിട്ടും 3:1 എന്ന അനുപാതത്തിലും (2b) പ്രകാരം 100 കോടി രൂപവരെ നിക്ഷേപമുള്ള സംഘങ്ങളിൽ 2:1 എന്ന അനുപാതത്തിലും (2c) 100 കോടിക്ക് അധികരിച്ച നിക്ഷേപമുള്ള സംഘങ്ങളിൽ 1:1 എന്ന അനുപാതത്തിലും നിയമനം നടത്തണം.<br><br>സഹകരണ നിയമം ചട്ടം 185(10) പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിൽ ക്ലാസ്സ് -I സൂപ്പർഗ്രേഡ്, ക്ലാസ്സ് -I സ്പെഷ്യൽ ഗ്രേഡ്, ക്ലാസ്സ്-I എന്നീ വിഭാഗത്തിലെ സംഘങ്ങളിലെ ക്ലാർക്ക് തസ്തികയിലെ നിയമനം ഉദ്യോഗക്കയറ്റം മുഖേനയും നേരിട്ടും 1:4 |

| | | | |
|---|---|---|---|
| | | | എന്ന അനുപാതത്തിലും, ക്ലാസ്സ് II മുതൽ VII വരെയുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ ക്ലാർക്ക് തസ്തികയിലെ നിയമനം 1: 2 എന്ന അനുപാതത്തിലും നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ക്ലാസ്സ് I– സൂപ്പർ ഗ്രേഡ്**<br>വ്യവസ്ഥകൾ | സ്റ്റാഫ് പാറ്റേൺ |
|---|---|
| 1. പ്രവർത്തന മൂലധനം 80 കോടി രൂപയ്ക്ക് മുകളിൽ<br>2. നിക്ഷേപം 60 കോടി രൂപയ്ക്ക് മുകളിൽ<br>3. വായ്പാ ബാക്കി നിൽപ്പ് 50 കോടി രൂപയ്ക്ക് മുകളിൽ<br>4. തൊട്ടുമുമ്പുള്ള മൂന്ന് വർഷങ്ങളിൽ ആഡിറ്റ് ക്ലാസിഫിക്കേഷൻ 'എ' ഗ്രേഡിൽ കുറയാൻ പാടില്ല<br>5. തൊട്ടുമുമ്പുള്ള 5 വർഷങ്ങളിൽ 4 വർഷം എങ്കിലും സംഘം ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം.<br>6. തൊട്ടുമുമ്പുള്ള 5 വർഷങ്ങളിൽ 3 വർഷം എങ്കിലും ഓഹരിയിന്മേലുള്ള ലാഭ വിഹിതം പ്രഖ്യാപിച്ചിരിക്കണം.<br>7. വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 15% ൽ അധികരിക്കാൻ പാടില്ല. | 1. സെക്രട്ടറി – 1<br>2. അസിസ്റ്റന്റ് സെക്രട്ടറി/ മാനേജർ – 1<br>3. ചീഫ് അക്കൗണ്ടന്റ്/ ചീഫ് കാഷ്യർ – 1<br>4. ഇന്റേണൽ ആഡിറ്റർ – 1<br>5. ഹെഡ് ക്ലാർക്ക്/ അക്കൗണ്ടന്റ് – 6<br>6. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ – 1<br>7. സീനിയർ ക്ലാർക്ക് /കാഷ്യർ, ജൂനിയർ ക്ലാർക്ക് / കാഷ്യർ – 21<br>8. ടൈപ്പിസ്റ്റ് /ഡാറ്റാ എൻട്രി ഓപ്പറേറ്റർ – 2<br>9. അറ്റൻഡർ – 2<br>10. പ്യൂൺ – 3<br>11. നൈറ്റ് വാച്ച്മാൻ – 1<br>12. പാർട്ട് ടൈം സ്വീപ്പർ – 1 (ഓരോ 800 Sq.ft നും 1 എന്ന ക്രമത്തിൽ പരമാവധി 3 പേർ) |

| **ക്ലാസ്സ് I – സ്പെഷ്യൽ ഗ്രേഡ്**<br>വ്യവസ്ഥകൾ | സ്റ്റാഫ് പാറ്റേൺ |
|---|---|
| 1. പ്രവർത്തന മൂലധനം30 കോടി രൂപയും അതിനു മുകളിലും<br>2. നിക്ഷേപം 26 കോടി രൂപയും അതിനു മുകളിലും<br>3. വായ്പാ ബാക്കി നിൽപ്പ് 22 കോടി | 1. സെക്രട്ടറി – 1<br>2. അസിസ്റ്റന്റ് സെക്രട്ടറി/ മാനേജർ – 1<br>3. ചീഫ് അക്കൗണ്ടന്റ്/ ചീഫ് കാഷ്യർ – 1 |

| | |
|---|---|
| രൂപയും അതിനു മുകളിലും | 4. ഇന്റേണൽ ആഡിറ്റർ – 1<br>5. ഹെഡ് ക്ലാർക്ക്/<br>അക്കൗണ്ടന്റ് – 4<br>6. സീനിയർ ക്ലാർക്ക്/കാഷ്യർ,<br>ജൂനിയർ ക്ലാർക്ക്/<br>കാഷ്യർ – 14<br>7. ടൈപ്പിസ്റ്റ് /ഡാറ്റാ എൻട്രി<br>ഓപ്പറേറ്റർ – 2<br>8. അറ്റൻഡർ – 2<br>9. പ്യൂൺ – 3<br>10. നൈറ്റ് വാച്ച്മാൻ – 1<br><br>11. പാർട്ട് ടൈം സ്വീപ്പർ – 1<br>(ഓരോ 800 sq.ft നും 1 എന്ന ക്രമത്തിൽ പരമാവധി 3 പേർ) |
| 4. തൊട്ടുമുമ്പുള്ള മൂന്ന് വർഷങ്ങളിൽ ആഡിറ്റ് ക്ലാസിഫിക്കേഷൻ 'ബി' ഗ്രേഡിൽ കുറയാൻ പാടില്ലാതെയും, എന്നാൽ അതിൽ ഒരുവർഷം എങ്കിലും ആഡിറ്റ് ക്ലാസിഫിക്കേഷൻ 'എ' ആയിരിക്കുകയും വേണം | |
| 5. തൊട്ടുമുമ്പുള്ള 5 വർഷങ്ങളിൽ 2 വർഷം എങ്കിലും സംഘം ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം. | |
| 6. തൊട്ടുമുമ്പുള്ള 5 വർഷങ്ങളിൽ 1 വർഷമെങ്കിലും ഓഹരിയിന്മേൽ ലാഭ വിഹിതം പ്രഖ്യാപിച്ചിരിക്കണം | |
| 7. വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 25% ൽ അധികരിക്കാൻ പാടില്ല | |

| **ക്ലാസ്സ്– 1**<br>വ്യവസ്ഥകൾ | സ്റ്റാഫ് പാറ്റേൺ |
|---|---|
| 1. പ്രവർത്തന മൂലധനം 20 കോടി രൂപയ്ക്കും 30 കോടി രൂപയ്ക്കും മദ്ധ്യേ | 1. സെക്രട്ടറി – 1<br>2. അസിസ്റ്റന്റ് സെക്രട്ടറി/ മാനേജർ – 1<br>3. ചീഫ് അക്കൗണ്ടന്റ്/ ചീഫ് കാഷ്യർ – 1<br>4. ഇന്റേണൽ ആഡിറ്റർ – 1<br>5. ഹെഡ് ക്ലാർക്ക്/<br>അക്കൗണ്ടന്റ് – 3<br>6. സീനിയർ ക്ലാർക്ക് /<br>ജൂനിയർ ക്ലാർക്ക് /<br>കാഷ്യർ – 10<br>7. ടൈപ്പിസ്റ്റ് /ഡാറ്റാ എൻട്രി<br>ഓപ്പറേറ്റർ – 1<br>8. അറ്റൻഡർ – 2 |
| 2. 18 കോടി രൂപയിൽ കുറയാതെയും 26 കോടിരൂപയിൽ അധികരിയ്ക്കാതെയും ഉള്ള തുക നിക്ഷേപം ഉണ്ടായിരിക്കണം | |
| 3. വായ്പാ ബാക്കി നിൽപ്പ് 16 കോടി രൂപയും അതിന് മുകളിലും | |
| 4. തൊട്ടുമുമ്പുള്ള മൂന്ന് വർഷങ്ങളിൽ ആഡിറ്റ് ക്ലാസിഫിക്കേഷൻ 'ബി' ഗ്രേഡിൽ കുറയാൻ പാടില്ല | |
| 5. തൊട്ടുമുമ്പുള്ള 5 വർഷങ്ങളിൽ 2 വർഷം എങ്കിലും സംഘം ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം. | |
| 6. തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 1 വർഷം | |

| | |
|---|---|
| എങ്കിലും ഓഹരിയിന്മേൽ ലാഭ വിഹിതം പ്രഖ്യാപിച്ചിരിക്കണം. | 9. പ്യൂൺ – 3<br>10. നൈറ്റ് വാച്ച്മാൻ – 1<br>11. പാർട്ട് ടൈം സ്വീപ്പർ – 1 (ഓരോ 800 sq.ft നും 1 എന്ന ക്രമത്തിൽ പരമാവധി 3 പേർ) |
| 7. വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 25% ൽ അധികം കുടിശ്ശിക ആകാൻ പാടില്ല | |

| **ക്ലാസ്സ്– II**<br>വ്യവസ്ഥകൾ | സ്റ്റാഫ് പാറ്റേൺ |
|---|---|
| 1. 14 കോടി രൂപയ്ക്ക് മുകളിലും 20 കോടിയ്ക്കും മദ്ധ്യേ അധികരിക്കാതെ ഉണ്ടായിരിക്കണം. പ്രവർത്തന മൂലധനം ഉണ്ടായിരിക്കണം | 1. സെക്രട്ടറി – 1<br>2. അസിസ്റ്റന്റ് സെക്രട്ടറി/ മാനേജർ – 1<br>3. ചീഫ് അക്കൗണ്ടന്റ് – 1 |
| 2. 12 കോടി രൂപയിൽ കുറയാതെയും 18 കോടിയിൽ അധികരിക്കാത്ത നിക്ഷേപം ഉണ്ടായിരിക്കണം | 4. ഇന്റേണൽ ആഡിറ്റർ – 1<br>5. ഹെഡ് ക്ലാർക്ക്/ അക്കൗണ്ടന്റ് – 1 |
| 3. വായ്പാ ബാക്കി നിൽപ്പ് 10 കോടി രൂപയും അതിനു മുകളിലും | 6. സീനിയർ ക്ലാർക്ക് / ജൂനിയർ ക്ലാർക്ക്/ കാഷ്യർ – 6 |
| 4. തൊട്ടുമുൻപത്തെ മൂന്ന് വർഷങ്ങളിൽ ആഡിറ്റ് ക്ലാസിഫിക്കേഷൻ 'ബി' ഗ്രേഡിൽ കുറയാൻ പാടില്ല | 7. ടൈപ്പിസ്റ്റ് /ഡാറ്റാ എൻട്രി ഓപ്പറേറ്റർ – 1 |
| 5. തൊട്ടുമുൻപത്തെ 3 വർഷങ്ങളിൽ 1 വർഷം എങ്കിലും സംഘം ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം. | 8. അറ്റൻഡർ – 1<br>9. പ്യൂൺ – 2<br>10. നൈറ്റ് വാച്ച്മാൻ – 1 |
| 6. തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 1 വർഷം എങ്കിലും ഓഹരിയിന്മേൽ ലാഭ വിഹിതം പ്രഖ്യാപിച്ചിരിക്കണം. | 11. പാർട്ട് ടൈം സ്വീപ്പർ – 1 |
| 7. വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 25% ൽ അധികരിക്കാൻ പാടില്ല. | |

സൂപ്പർ ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ്, ക്ലാസ്സ് I, ക്ലാസ്സ് II എന്നീ ക്ലാസുകളിൽ തരംതിരിക്കുന്നതിൽ 1,2,3,7 ക്രമനമ്പർ പ്രകാരമുള്ള നിബന്ധനകൾ നിർബന്ധമായി പാലിക്കേണ്ടതും

ബാക്കി നിബന്ധനകളിൽ ഏതെങ്കിലും രണ്ട് നിബന്ധനകളും നിർബന്ധമായി പാലിക്കേണ്ടതുമാണ്_

| **ക്ലാസ്സ്– III**<br>വ്യവസ്ഥകൾ | സ്റ്റാഫ് പാറ്റേൺ |
|---|---|
| 1. 8 കോടിയ്ക്ക് മുകളിലും 14 കോടി രൂപയിൽ അധികരിയ്ക്കാത്ത പ്രവർത്തനമൂലധനം ഉണ്ടായിരിക്കണം | 1. സെക്രട്ടറി – 1<br>2. അസിസ്റ്റന്റ് സെക്രട്ടറി – 1<br>3. ഇന്റേണൽ ആഡിറ്റർ – 1<br>4. അക്കൗണ്ടന്റ് – 1<br>5. സീനിയർ ക്ലാർക്ക് /കാഷ്യർ, ജൂനിയർ ക്ലാർക്ക്/ കാഷ്യർ – 5<br>6. ടൈപ്പിസ്റ്റ് /ഡാറ്റാ എൻട്രി ഓപ്പറേറ്റർ – 1<br>7. അറ്റൻഡർ – 1<br>8. പ്യൂൺ – 2<br>9. നൈറ്റ് വാച്ച്മാൻ – 1<br>10. പാർട്ട് ടൈം സ്വീപ്പർ – 1 |
| 2. 7 കോടി രൂപയ്ക്ക് മുകളിൽ 12 കോടി രൂപയിൽ അധികരിക്കാതെ നിക്ഷേപം ഉണ്ടായിരിക്കണം | |
| 3. 6 കോടി രൂപയ്ക്ക് മുകളിൽ വായ്പാ ബാക്കിൽപ്പ് ഉണ്ടായിരിക്കണം | |
| 4. തൊട്ടുമുമ്പുള്ള മൂന്ന് വർഷം ആഡിറ്റ് ക്ലാസിഫിക്കേഷൻ 'ബി' ഗ്രേഡിൽ കുറയാൻ പാടില്ല | |
| 5. തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 1 വർഷം എങ്കിലും സംഘം ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം | |
| 6. തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 1 വർഷം എങ്കിലും ഓഹരിയിന്മേൽ ലാഭ വിഹിതം പ്രഖ്യാപിച്ചിരിക്കണം. | |
| 7. വായ്പകളിന്മേലുള്ള കടിശ്ശിക ഡിമാന്റിന്റെ 25% ൽ അധികരിക്കാൻ പാടില്ല. | |

| **ക്ലാസ്സ്– IV**<br>വ്യവസ്ഥകൾ | സ്റ്റാഫ് പാറ്റേൺ |
|---|---|
| 1. 4 കോടിയ്ക്ക് മുകളിലും 8 കോടിയിൽ അധികരി ക്കാതെയുള്ള പ്രവർത്തന മൂലധനം | 1. സെക്രട്ടറി – 1<br>2. അക്കൗണ്ടന്റ് – 1<br>3. സീനിയർ ക്ലാർക്ക് /കാഷ്യർ, ജൂനിയർ ക്ലാർക്ക്/ കാഷ്യർ – 3 |
| 2. 3 കോടി രൂപയ്ക്ക് മുകളിലും 7 കോടിയിൽ | |

| | |
|---|---|
| അധികരിക്കാതെ നിക്ഷേപം ഉണ്ടായിരിക്കണം | 4. അറ്റൻഡർ – 1<br>5. പ്യൂൺ – 1<br>6. നൈറ്റ് വാച്ച്മാൻ – 1<br>7. പാർട്ട് ടൈം സ്വീപ്പർ – 1 |
| 3. വായ്പാ ബാക്കി നിൽപ്പ് 3 കോടി രൂപയും അതിനു മുകളിലും | |
| 4. തൊട്ടുമുമ്പുള്ള വർഷം ആഡിറ്റ് ക്ലാസിഫിക്കേഷൻ 'ബി' ഗ്രേഡിൽ കുറയാൻ പാടില്ല | |
| 5. തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 1 വർഷം എങ്കിലും സംഘം ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം | |
| 6. തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 1 വർഷം എങ്കിലും ഓഹരിയിന്മേൽ ലാഭ വിഹിതം പ്രഖ്യാപിച്ചിരിക്കണം | |
| 7. വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 30% ൽ അധികരിക്കാൻ പാടില്ല | |

ക്ലാസ്സ്-III, IV ക്ലാസുകളിൽ തരംതിരിക്കുന്നതിന് ൽ 1,2,3 നിബന്ധനകളും ബാക്കിയുള്ള നാല് നിബന്ധനകളിൽ ഏതെങ്കിലും മൂന്ന് നിബന്ധനകളും പാലിച്ചിരിക്കേണ്ടതാണ്.

| **ക്ലാസ്സ്- V**<br>വ്യവസ്ഥകൾ | സ്റ്റാഫ് പാറ്റേൺ |
|---|---|
| 1. 2 കോടിയ്ക്ക് മുകളിൽ 4 കോടി രൂപയിൽ അധികരിക്കാതെയുള്ള പ്രവർത്തന മൂലധനം ഉണ്ടായിരിക്കണം | 1. സെക്രട്ടറി – 1<br>2. ഹെഡ് ക്ലാർക്ക് – 1<br>3. ക്ലാർക്ക് /കാഷ്യർ – 2<br>4. പ്യൂൺ – 1<br>5. പാർട്ട് ടൈം സ്വീപ്പർ – 1 |
| 2. 1.5 കോടി രൂപയും അതിനു മുകളിലും എന്നാൽ 3 കോടിയിൽ അധികരിക്കാതെ നിക്ഷേപം ഉണ്ടായിരിക്കണം | |
| 3. വായ്പാ ബാക്കി നിൽപ്പ് 1 കോടി രൂപയും അതിനു മുകളിൽ 3 കോടിയിൽ അധികരിക്കരുത് | |
| 4. തൊട്ടുമുമ്പുള്ള മൂന്ന് വർഷം ആഡിറ്റ് ക്ലാസിഫിക്കേഷൻ 'സി' ഗ്രേഡിൽ | |

| | |
|---|---|
| കുറയാൻ പാടില്ല | |
| 5. വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 35% ൽ അധികരിക്കാൻ പാടില്ല. | |

| **<u>ക്ലാസ്സ് VI</u>**<br>വ്യവസ്ഥകൾ | സ്റ്റാഫ് പാറ്റേൺ |
|---|---|
| 1. 1 കോടിയ്ക്ക് മുകളിൽ 2 കോടി രൂപയിൽ അധികരിക്കാതെയുള്ള പ്രവർത്തന മൂലധനം | 1. സെക്രട്ടറി – 1<br>2. ക്ലാർക്ക് /കാഷ്യർ – 1<br>3. പ്യൂൺ – 1<br>4. പാർട്ട് ടൈം സ്വീപ്പർ – 1 |
| 2. 75 ലക്ഷം രൂപയും അതിനു മുകളിലും എന്നാൽ 1.5 കോടിയിൽ നിക്ഷേപം അധികരിക്കാനും പാടില്ല | |
| 3. 50 ലക്ഷം രൂപയും അതിനു മുകളിലോ വായ്പ ബാക്കിനില്പ് ഉണ്ടായിരിക്കണം | |
| 4. ഏറ്റവും അവസാനത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം ആഡിറ്റ് ക്ലാസ്സിഫിക്കേഷൻ 'സി' ഗ്രേഡിൽ കുറയാൻ പാടില്ല | |
| 5. വായ്പകളിന്മേലുള്ള കുടിശ്ശിക ഡിമാന്റിന്റെ 35% ൽ അധികരിക്കാൻ പാടില്ല. | |

ക്ലാസ് V, VI ക്ലാസുകളിൽ തരംതിരിക്കുന്നതിന് 1, 2, 3 നിബന്ധനകളും ബാക്കിയുള്ള 2 നിബന്ധനകളിൽ ഏതെങ്കിലും ഒരു നിബന്ധനയും പാലിച്ചിരിക്കേണ്ടതാണ്.

| **<u>ക്ലാസ്സ് VII</u>**<br>വ്യവസ്ഥകൾ | സ്റ്റാഫ് പാറ്റേൺ |
|---|---|
| സൂപ്പർ ഗ്രേഡ് മുതൽ ക്ലാസ്സ് VI വരെയുള്ള ഒരു ക്ലാസ്സിലും ഉൾപ്പെടാത്ത മറ്റെല്ലാ വായ്പാ സംഘങ്ങളും ക്ലാസ്സ് VII ൽ ഉൾപ്പെടുന്നതായിരിക്കും | 1. സെക്രട്ടറി – 1<br>2. ക്ലാർക്ക് / പ്യൂൺ – 1<br>3. പാർട്ട് ടൈം സ്വീപ്പർ – 1 |